# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# അന്തിമ രേഖ

*എറണാകുളം. ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്*

## *ഇൻറഗ്രേറ്റഡ് അർബൻ റീജനറേഷൻ & വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പദ്ധതി – ടാഗോർ ലെയിനിനു സമീപം പേരണ്ടൂർ കനാൽ വെറ്റ്‌വെൽ പമ്പിങ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ*

*ഡിസംബർ 11, 2024*

**അർത്ഥനാധികാരി**

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്
ജവഹർലാൽ നെഹ്റു സ്റ്റേഡിയ
ത്തിനു സമീപം, കലൂർ
എറണാകുളം

**ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ**


സ്പെഷ്യൽ തഹസിൽദാർ
എൽ.എ., നമ്പർ 2
സിവിൽ സ്റ്റേഷൻ
എറണാകുളം

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

രാജഗിരി കോളേജ് ഓഫ് സോഷ്യൽ
സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ –683104
ഫോൺ: 0484 2911330–332/2550785
rajagirisia@gmail.com
www.rajagiri.edu

*ചിത്രം 1.2.1. പദ്ധതിപ്രദേശത്തിന്റെ സ്കെച്ച്*

DISTRICT : ERNAKULAM
TALUK : KANAYANNUR
VILLAGE : EDAPPALLY SOUTH FIELD NO. : 219/6,7B




| | Survey No. | Extent (in Ares) | Remarks |
|---|---|---|---|
| | 219/6 Part | 3.95 | L.A. |
| | 219/7B Part | 4.15 | L.A. |
| | Total | 8.10 | |

## 1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

2024 ജൂലൈ 5 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 2163 ൽ പ്രസിദ്ധപ്പെടുത്തിയ 19/06/2024 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ നമ്പർ സി11–1038/23 ഫോറം നമ്പർ 4 വിജ്ഞാപന പ്രകാരം IURWTS പദ്ധതിയുടെ ഭാഗമായി ടാഗോർ ലെയിനിനു സമീപം പേരണ്ടൂർ കനാൽ വെറ്റ് വെൽ പമ്പിങ് സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക1.3.1.ൽ നൽകിയിരിക്കുന്നു.

| | |
|---|---|
| പബ്ലിക് ഹിയറിങ്ങിൽ പങ്ക് വെക്കപ്പെട്ട ആശങ്കകൾക്ക് അർത്ഥനാധികാരിയിൽ നിന്ന് ഉത്തരം നേടൽ | 07/11/2024 |

## *പബ്ലിക് ഹിയറിങ്ങ്*

മലിനജല സംസ്ക്കരണ പ്ലാൻറുകളുടെ അനുബന്ധ സംവിധാനമായി കൊച്ചി കോർപ്പറേഷനിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 5 വെറ്റ് വെല്ലുകളുടെ (ബി.ടി.എസ്. റോഡിനു സമീപം, കത്രിക്കടവ്, പൈപ്പ് ലൈൻ റോഡിനു സമീപം, ടാഗോർ ലെയിനിനു സമീപം, ഗ്രീൻ മെഡോസിനു സമീപം) നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളുടെ ഭാഗമായി കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 10/10/2024 തീയതി രാവിലെ 10.30 മുതൽ പാലാരിവട്ടം ആലിൻചുവട് ജംഗ്ഷനിലുള്ള ജനകീയ വായനശാല ഹാളിൽ പബ്ലിക് ഹിയറിങ്ങുകൾ നടത്തി. ശ്രീമതി. മീന കുരുവിള, കൺസൽട്ടൻറ്, എസ്.ഐ.യൂണിറ്റ് പബ്ലിക് ഹിയറിങ്ങുകളുടെ ഉദ്ദേശ്യത്തെക്കുറിച്ച് വിവരിച്ചു. ശ്രീമതി മരിയ ടെൻസി, റിസേർച്ച് അസോസിയേറ്റ്, പഠനങ്ങളുടെ കരട് രേഖകൾ അവതരിപ്പിച്ചു.

ടാഗോർ ലെയിനിനു സമീപം തേവര പേരണ്ടൂർ കനാൽ വെറ്റ് വെൽ പമ്പിംഗ് സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന ഇടപ്പള്ളി സൗത്ത് വില്ലേജിലെ 219/6pt, 219/7B pt സർവ്വെനമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമിയുടെ ഉടമകളായ ശ്രീമതി ഉഷ വിശ്വനാഥ്, ശ്രീമതി നിഷ പാണ്ഡുരംഗ് എന്നിവർ പബ്ലിക് ഹിയറിങ്ങിൽ പങ്കെടുത്തു.

പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതനായിരുന്ന ശ്രീ.എൽദോ തോമസ്, DGM, KMRL പദ്ധതിയുടെ സാങ്കേതിക വശങ്ങൾ വിശദീകരിച്ചു. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി.മഞ്ജുഷ (സ്പെഷ്യൽ തഹസിൽദാർ, എൽ.എ.നമ്പർ 1), ശ്രീമതി ജെസി അഗസ്റ്റ്യൻ (സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നമ്പർ 2), ശ്രീമതി ഷൈനി ചെറിയാൻ (വാല്യുവേഷൻ അസിസ്റ്റൻറ്), ശ്രീ.മോഹൻദാസ് പിള്ള (കെ.എം.ആർ.എൽ) എന്നിവരും പബ്ലിക് ഹിയറിങ്ങിൽ സന്നിഹിതരായിരുന്നു. ശ്രീ.ബിജു സി.പി. (ഡെവലപ്പ്മെൻറ് ഓഫീസർ, എസ്.ഐ.എ. യൂണിറ്റ്) പബ്ലിക്

ഹിയറിങ്ങിൽ പങ്കെടുത്തവർക്ക് സ്വാഗതവും, ശ്രീ.വിനയൻ വി.എസ്.(റിസേർച്ച് അസോസിയേറ്റ്, എസ്.ഐ.എ.യൂണിറ്റ്) നന്ദിയും പറഞ്ഞു.

ഭൂവുടമയായ ശ്രീമതി. നിഷ പാണ്ഡുരംഗ് പബ്ലിക് ഹിയറിങ്ങിൽ എഴുതി നൽകിയ അഭിപ്രായവും ആയതിന് കെ.എം.ആർ.എൽ. കാര്യാലയത്തിൽ നിന്ന് ലഭിച്ച മറുപടിയും താഴെ നൽകിയിരിക്കുന്നു

***ശ്രീമതി. നിഷ പാണ്ഡുരംഗ് എഴുതി നൽകിയ അഭിപ്രായം***

ടാഗോർ ലെയിനിൽ സർവ്വെ നമ്പർ 219/6, 219/7 ന്റെ ഉടമയാണ്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുത്തതിനുശേഷം അവശേഷിക്കുന്ന ഭൂമി വിനിമയം ചെയ്യുന്നത് ബുദ്ധിമുട്ടായിരിക്കും ആയതിനാൽ എന്റെ സ്ഥലം പൂർണ്ണമായി ഏറ്റെടുക്കുകയാണെങ്കിൽ വെറ്റ് വെൽ പദ്ധതിക്ക് വേണ്ടി ഭൂമി വിട്ടു നൽകുന്നതിന് എനിക്ക് എതിർപ്പില്ല

***കെ.എം.ആർ.എൽ.കാര്യാലയത്തിൽ നിന്നും ലഭിച്ച മറുപടി***

നിയമാനുസൃതമായി പ്രസ്തുത സ്ഥലം (8.10 ആർ വിസ്തീർണ്ണം) ഏറ്റെടുക്കുന്നതിനുള്ള അംഗീകാരം മാത്രമേ സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളു. അധിക സ്ഥലം ഏറ്റെടുക്കണമെങ്കിൽ സർക്കാരിൽ നിന്നും അനുമതി ലഭിക്കേണ്ടി വരും.

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിപ്രദേശത്തിൻെറ സാമൂഹിക-സാമ്പത്തിക പശ്ചാത്തലവും, പ്രദേശത്തെ സാംസ്കാരിക, സാമൂഹ്യസംഘടനകൾ മുതലായവ പദ്ധതിബാധിതമാകുന്നുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു

## 6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിത ഭൂമിയിൽ ആരും താമസിക്കുന്നില്ല.

## 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതി മൂലം ഭൂമി നഷ്ടമാകുന്നത് 2 കുടുംബങ്ങൾക്കാണ്. ഇവരിൽ ഒരു കുടുംബം വിദേശത്ത് താമസിക്കുന്നു. ഒരു കുടുംബത്തിൻെറ പ്രധാന വരുമാനം ഉടമയുടെ ഭർത്താവിൻെറ സർവീസ് പെൻഷനാണ്. പൊതുവിതരണ സമ്പ്രദായമനുസരിച്ച് കുടും ബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡാണ് ലഭിച്ചിട്ടുള്ളത്.

## 6.3. ദുർബല ജനവിഭാഗം

ഭൂവുടമകളുടെ കുടുംബങ്ങളിൽ 60 വയസിനുമുകളിൽ പ്രായമുള്ള ഓരു വ്യക്തി വീതമുണ്ട് എന്ന് മനസിലാക്കുന്നു.

## 6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

നിർദ്ദിഷ്ട ഭൂമി നിലവിൽ കൈവശ ഭൂമിയായി മാത്രം ഉപയോഗിക്കുന്നു.

## 6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നില്ല

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രാദേശിക ഉപജീവനഘടകങ്ങൾ പദ്ധതിബാധിതമാകുന്നില്ല

## 6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതിക്കായി മാർക്ക് ചെയ്തിരിക്കുന്ന ഭൂമിയുടെ ഉടമകൾ സഹോദരികളാണ്.

